ഗുരുമാർഗം

എന്റേത് എന്റേതു എന്നു പറഞ്ഞു പറ്റിക്കൂടി ഒന്നു വിട്ടു മറ്റൊന്നിനെ കൊതിച്ചു ജനിച്ച് മരിച്ച് ജഡമയമായ ഈ ലോകത്ത് ജീവിതം കഴിച്ചുകൂട്ടി നിരന്തരമനുഭവിക്കുന്ന ഈ ദുഃഖമയമായ മോഹം വേരോടെ പിഴുതുമാറ്റി ഉള്ളിൽ ഭഗവാൻ വിളങ്ങുമാറാകണം.



ഒരു ജാതി ഒരു മതം ഒരു ദൈവം

അനിഴം 08 - 31
ദ്വാദശി 42- 37
1939 പൗഷം 23
1439 റബീ ഉൽ ആഖിർ 25
1193 ധനു 29

വിവാദങ്ങൾ മതി വികസനം വേണ്ട

വിവാദങ്ങളുടെ പുകമറകൾ തീർത്ത് സംസ്ഥാനം നേരിടുന്ന കാതലായ പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടുന്നതിൽ പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ മത്സരിക്കുകയാണ്. സാധാരണക്കാർ നേരിടുന്ന അനേകം പ്രശ്നങ്ങളുണ്ട്. അതിലേക്കൊന്നും കടന്നു ചെല്ലാതെ ഉപരിപ്ലവങ്ങളായ ചർച്ചകൾക്ക് പറ്റിയ വിഷയങ്ങൾ കണ്ടെത്തി നാളുകൾ തള്ളിനീക്കാനാണ് താത്പര്യം. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ ഹെലികോപ്ടർ യാത്രയും ആരോഗ്യമന്ത്രിയുടെ കണ്ണടയും ദിവസങ്ങൾ പലതായിട്ടും ഇപ്പോഴും സജീവമായി നിൽക്കുന്നത്. ഓഖി ദുരന്തത്തിൽ ഇനിയും കണ്ടെത്താനുള്ള നൂറിലധികം പേരെ കാത്തിരിക്കുന്ന അനാഥ കുടുംബങ്ങൾ ഇവരുടെയൊക്കെ പരിഗണനയിൽ നിന്ന് മാഞ്ഞുകഴിഞ്ഞു. വിലക്കയറ്റം കൊണ്ട് വഴിമുട്ടുന്ന സാധാരണക്കാരുടെ ദുരിത ജീവിതവും ഗൗരവമായി ആരും ഇപ്പോൾ എടുക്കുന്നില്ല. ദിനംതോറുമുള്ള വിലനിർണയാഭ്യാസത്തിന്റെ ഫലമായി ഇന്ധനവില സർവകാല റെക്കാഡ് ഭേദിച്ചിട്ടും അതിനെതിരെ ചെറു ശബ്ദം പോലും ഉയരുന്നില്ല. കഥയില്ലാത്ത വിവാദം സൃഷ്ടിച്ച് മുഖത്തോടുമുഖം നോക്കിയിരുന്ന് ചർച്ച നടത്തി രസിക്കുകയാണ് ജന നായകർ. അധികാരത്തിലിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഇതിൽപ്പരം അനുകൂല സ്ഥിതി ഉണ്ടാകാനില്ല. ഭരണതലത്തിലെ വീഴ്ചകളും കുറവുകളുമെല്ലാം വിവാദങ്ങൾക്കടിയിലാകുമ്പോൾ നിന്നു പിഴയ്ക്കാനുള്ള വക പ്രതിപക്ഷം എല്ലാ ദിവസവും കാഴ്ചവച്ചുകൊണ്ടിരിക്കും. സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളുടെയും നടത്തിപ്പുദോഷത്തിന്റെയും ഫലമായി സംസ്ഥാനത്ത് കേന്ദ്രാഭിമുഖ്യത്തിൽ നടന്നുവരുന്ന പദ്ധതികൾക്കുണ്ടായ ദുർഗതി കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി സദാനന്ദ ഗൗഡ തിരുവനന്തപുരത്ത് മാദ്ധ്യമങ്ങൾ മുമ്പാകെ തുറന്നു കാട്ടിയത് ഇവിടത്തെ രാഷ്ട്രീയ നേതാക്കളുടെയെല്ലാം അടിയന്തര ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്. 150 കോടി രൂപയ്ക്കുമേൽ മുതൽമുടക്കുള്ള 21 പ്രമുഖ കേന്ദ്ര പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യാനെത്തിയ കേന്ദ്രമന്ത്രി വെളിപ്പെടുത്തിയ സ്ഥിതിവിവരങ്ങൾ വികസന പദ്ധതികളോടുള്ള സർക്കാരിന്റെയും ജനങ്ങളുടെയും അലസസമീപനത്തിന് മതിയായ തെളിവാണ്. പദ്ധതി നടത്തിപ്പിലുണ്ടാകുന്ന അസാധാരണ കാലതാമസംമൂലം 6000 കോടി രൂപയുടെ അധിക ചെലവാണുണ്ടായിരിക്കുന്നത്. 21 പദ്ധതികൾക്കായി 21,774 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഉദ്ദേശിച്ച വേഗത്തിൽ പണി നീങ്ങാത്തതുകാരണം എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കേണ്ടിവന്നു. അതനുസരിച്ച് മൊത്തം ചെലവ് 27,872 കോടി രൂപയായി ഉയരും. അനുഭവം വച്ചുനോക്കുമ്പോൾ എസ്റ്റിമേറ്റ് ഇനിയും പുതുക്കേണ്ടിവരുമെന്നതിൽ സംശയം വേണ്ട. അവലോകനത്തിനു വിധേയമായ പദ്ധതികളിൽ പലതിന്റെയും ജാതകം അത്തരത്തിലാണ്. ദേശീയപാത വികസനം, കൊല്ലം, ആലപ്പുഴ ബൈപാസുകൾ, റെയിൽപ്പാത ഇരട്ടിപ്പിക്കലും പുതിയ പാതകളുടെ നിർമ്മാണവും കൊച്ചി മെട്രോ മൂന്നാം ഘട്ടം തുടങ്ങി പലതും ലക്ഷ്യപ്രാപ്തിയിൽ നിന്ന് ഏറെ അകലെയാണ്. റോഡുവഴിയുള്ള പ്രകൃതി വാതക കടത്ത് വലിയ തോതിൽ കുറയ്ക്കാനുതകുന്നതാണ് വാതക പൈപ്പ് ലൈൻ പദ്ധതി. സംഘടിതമായ പ്രതിഷേധത്തിൽ പദ്ധതിക്ക് നഷ്ടമായത് ആറേഴ് വർഷങ്ങളാണ്. അധിക ചെലവിന്റെ കണക്ക് വേറെ. പുതുവൈപ്പിൽ 715 കോടി രൂപയുടെ പാചക വാതക സംഭരണി സ്ഥാപിക്കാനുള്ള ഇന്ത്യൻ ഓയിൽ കോർപറേഷന്റെ ബൃഹത് പദ്ധതി മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ദിവസം ഒരു കോടി രൂപ എന്ന തോതിലാണ് കമ്പനിക്കുണ്ടാകുന്ന നഷ്ടം. ഇതിനകം 325 കോടി രൂപ നഷ്ടമായിക്കഴിഞ്ഞു. എല്ലാ അധികാര കേന്ദ്രങ്ങളുടെയും വ്യക്തമായ അനുമതി വാങ്ങിയശേഷം തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഏറെ മുന്നോട്ടു പോയപ്പോഴാണ് സുരക്ഷാ ഭീഷണി ഉന്നയിച്ച് നാട്ടുകാർ പ്രക്ഷോഭത്തിനിറങ്ങിയത്. പ്രതിഷേധവും ലാത്തിച്ചാർജ്ജുമൊക്കെയായി സമരം നീണ്ടപ്പോൾ സർക്കാർ ഇടപെട്ടു നിറുത്തിവച്ച പണി ഇതുവരെ പുനരാരംഭിച്ചിട്ടില്ല. സ്ഥലമെടുപ്പിൽ കുരുങ്ങിയാണ് ഒട്ടുമിക്ക പദ്ധതികളും മുടങ്ങിക്കിടക്കുന്നത്. അടുത്ത കാലത്ത് ഈ വിഷയത്തിൽ ആശാവഹമായ മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട്. കൂടുതൽ ഉണർവോടെ ഓരോ പദ്ധതിയുടെയും കൂടെ നിന്നാലേ ആഗ്രഹിക്കുന്ന വേഗത്തിൽ കാര്യങ്ങൾ മുന്നോട്ടു നീങ്ങുകയുള്ളൂ. സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയും സ്ഥലം ഏറ്റെടുക്കുമ്പോൾ നൽകേണ്ട നഷ്ടപരിഹാരം സംബന്ധിച്ച അവ്യക്തതയും വിഭവശേഷിക്കുറവുമെല്ലാം പദ്ധതി നടത്തിപ്പു താളം തെറ്റിക്കാറുണ്ട്. റെയിൽവേ പദ്ധതിയാണെങ്കിൽ ചെലവിന്റെ ഒരു ഭാഗം സംസ്ഥാനം വഹിക്കണമെന്ന പുതിയ നയം മറ്റൊരു വൈതരണിയാണ്.

വിവാദങ്ങളുടെ പുകമറകൾ തീർത്ത് സംസ്ഥാനം നേരിടുന്ന കാതലായ പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടുന്നതിൽ പ്രതിപക്ഷവും ഭരണപക്ഷവും ഒരുപോലെ മത്സരിക്കുകയാണ്. സാധാരണക്കാർ നേരിടുന്ന അനേകം പ്രശ്നങ്ങളുണ്ട്. അതിലേക്കൊന്നും കടന്നു ചെല്ലാതെ ഉപരിപ്ലവങ്ങളായ ചർച്ചകൾക്ക് പറ്റിയ വിഷയങ്ങൾ കണ്ടെത്തി നാളുകൾ തള്ളിനീക്കാനാണ് താത്പര്യം

പദ്ധതികൾ വൈകുന്നതുമൂലമുണ്ടാകുന്ന അധിക ചെലവ് ജനങ്ങൾക്ക് മറ്റു വിധത്തിൽ ഉപകാരപ്പെടേണ്ട പണമാണെന്ന ബോധം ആർക്കും ഇല്ലാതെ പോകുന്നതാണ് വലിയ ദുർവിധി. നിസാര പ്രശ്നങ്ങളുടെ പേരിൽ പ്രതിഷേധവുമായി തെരുവിലിറങ്ങുന്ന രാഷ്ട്രീയക്കാർ ഏതെങ്കിലും ഒരു പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കണമെന്നാവശ്യപ്പെട്ട് സമരം ചെയ്തതായി കേട്ടിട്ടില്ല. ഇതൊക്കെ അവരുടെ കാര്യമല്ലെന്ന മട്ടിലാണ് പോക്ക്. അധികാരത്തിലിരിക്കുമ്പോൾ ഒരു സമീപനവും പ്രതിപക്ഷത്തെത്തുമ്പോൾ വിപരീത സമീപനവും എന്നതാണ് ശൈലി. അഞ്ചു വർഷം കൂടുമ്പോൾ ഭരണമാറ്റം ഉണ്ടാകുന്നതിനാൽ വികസന കാഴ്ചപ്പാടും പാടെ മാറിമറിയുന്ന അവസ്ഥയാണ്.

‘തുല്യരിലെ ഒന്നാമൻ മാത്രം’

(ചീഫ് ജസ്റ്റിസിന് ജഡ്ജിമാർ നൽകിയ കത്തിന്റെ പൂർണ രൂപം)

ജസ്റ്റിസ് ചെലമേശ്വർ

ജസ്റ്റിസ് രഞ്ജൻ ഗൊഗോയ്

ജസ്റ്റിസ് മദൻ ബി. ലോക്കൂർ

ജസ്റ്റിസ് കുര്യൻ ജോസഫ്

ചീഫ് ജസ്റ്റിസ് ദീപക് മിശ്ര

പ്രിയപ്പെട്ട ചീഫ് ജസ്റ്റിസ്,

പരമോന്നത കോടതിയുടെ ചില ഉത്തരവുകൾ നീതിന്യായ സംവിധാനത്തിന്റെ നിർവഹണത്തെ ബാധിക്കുകയും കോടതിയുടെ സ്വതന്ത്ര സ്വഭാവത്തിന് തടസം നിൽക്കുകയും ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസിന്റെ ഓഫീസിന്റെ ഭരണപരമായ പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ അത്യന്തം മനോവേദനയോടെയും ഉത്കണ്ഠയോടെയുമാണ് ഞങ്ങൾ ഈ കത്തെഴുതാൻ നിർബന്ധിതരായിരിക്കുന്നത്. കൽക്കട്ട, ബോംബെ, മദ്രാസ് ഹൈക്കോടതികളുടെ രൂപീകരണം മുതൽ നമ്മുടെ നിയമസംവിധാനം സ്വീകരിച്ചിട്ടുള്ള കീഴ്‌വഴക്കങ്ങളും ആചാരങ്ങളുമുണ്ട്. ബ്രിട്ടീഷ് വാഴ്ചക്കാലത്ത് വേരുറച്ച ചില പരമ്പരാഗത രീതികളാണ്. ഈ മൂന്ന് കോടതികൾ സ്ഥാപിച്ച് നൂറ് വർഷത്തിന് ശേഷം സ്ഥാപിക്കപ്പെട്ട സുപ്രീംകോടതിയും ആ കീഴ്‌വഴക്കങ്ങൾ അക്ഷരംപ്രതി പിന്തുടരുകയായിരുന്നു.

ഏത് കേസ് ആർക്ക് നൽകണമെന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിശ്ചയിക്കാനുള്ള സവിശേഷാധികാരം ചീഫ് ജസ്റ്റിസിന് ആണെന്ന അംഗീകൃത തത്വം ഇത്തരം പരമ്പരാഗത രീതികളുടെ ഭാഗമാണ്. ഈ നടപടിക്രമത്തിലൂടെ മറ്റ് ജഡ്ജിമാരുടെ മുകളിൽ ചീഫ് ജസ്റ്റിസിന് നിയമപരമായോ വസ്തുതാപരമായോ മേധാവിത്വമുണ്ടെന്ന് കരുതുന്നില്ല. അതിന് അങ്ങനെയൊരു അർത്ഥമില്ല. കോടതി നടപടികൾ കാര്യക്ഷമമായും അച്ചടക്കത്തോടെയും നടക്കുന്നതിനുള്ള വ്യവസ്ഥ മാത്രമാണിത്.

നിയമമനുസരിച്ച് ചീഫ് ജസ്റ്റിസ് തുല്യരിലെ ഒന്നാമൻ മാത്രമാണ്. അതിൽ കൂടുതലുമില്ല. കുറവുമില്ല. എതൊക്കെ കേസുകൾ ആർക്കൊക്കെ നൽകണമെന്ന കാര്യത്തിൽ കാലങ്ങളായി പിന്തുടരുന്ന ചില സമ്പ്രദായങ്ങൾ അനുസരിച്ചാണ് ചീഫ് ജസ്റ്റിസുമാർ തീരുമാനമെടുക്കുന്നത്. വിവിധ ബെഞ്ചുകളുടെ ഘടന സംബന്ധിച്ച് ചീഫ് ജസ്റ്റിസ് തീരുമാനമെടുത്താൽ മറ്റ് അംഗങ്ങൾ അതിനോട് യോജിക്കുകയാണ് രീതി. ഈ തത്വങ്ങൾ കൃത്യമായി പാലിക്കപ്പെട്ടില്ലെങ്കിൽ സ്ഥാപനത്തിന്റെ വിശ്വാസ്യതയെ ബാധിക്കും. അത് അനഭിലഷണീയമായ സംഭവങ്ങൾക്ക് വഴിവയ്ക്കും. ദൗർഭാഗ്യവശാൽ, അടുത്ത കാലത്ത് മേൽപ്പറഞ്ഞ തത്വങ്ങൾ തുടർച്ചയായി ലംഘിക്കപ്പെട്ടു. ലംഘിക്കപ്പെടുന്നു. ബെഞ്ചുകളുടെ ഘടനയും പാലിക്കപ്പെടുന്നില്ല. ബെഞ്ചുകളുടെ ബലം നോക്കാതെയാണ് കേസുകൾ നൽകുന്നത്.

‘രാജ്യത്തും സുപ്രീംകോടതിയിലും ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാവുന്ന ചില കേസുകൾ ചീഫ് ജസ്റ്റിസ് സ്വന്തം താത്പര്യത്തിന് അനുസരിച്ച് ബെഞ്ചുകൾക്ക് കൈമാറുന്നത് പതിവായിരിക്കുകയാണ്. എന്ത് വില കൊടുത്തും ഈ പ്രവണതയെ ചെറുക്കേണ്ടതുണ്ട്.’

രാജ്യത്തും സുപ്രീംകോടതിയിലും ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാവുന്ന ചില കേസുകൾ ചീഫ് ജസ്റ്റിസ് സ്വന്തം താത്പര്യത്തിന് അനുസരിച്ച് ബെഞ്ചുകൾക്ക് കൈമാറുന്നത് പതിവായിരിക്കുകയാണ്. എന്ത് വില കൊടുത്തും ഈ പ്രവണതയെ ചെറുക്കേണ്ടതുണ്ട്. പരമോന്നത നീതിപീഠത്തിന് നാണക്കേടുണ്ടാക്കും എന്നത് കൊണ്ട് മാത്രം അതിന്റെ വിശദാംശങ്ങളിലേക്ക് ഞങ്ങൾ കടക്കുന്നില്ല. എന്നാൽ, ഇത്തരം വഴിവിട്ട തീരുമാനങ്ങൾ നമ്മുടെ സ്ഥാപനത്തിന്റെ പ്രതിച്ഛായയ്ക്ക് വലിയ കോട്ടമുണ്ടാക്കി.

നാഷണൽ ജുഡീഷ്യൽ അപ്പോയ്ന്റ്മെന്റ് കമ്മിഷൻ (എൻ.ജെ.എ.സി) നിയമത്തിന്റെ സാധുത പരിശോധിച്ച 2016ൽ സുപ്രീംകോടതി അഡ്വക്കേറ്റ് ഓൺ റെക്കാഡും യൂണിയൻ ഒഫ് ഇന്ത്യയും തമ്മിലുള്ള കേസിലെ ഭരണഘടനാ ബെഞ്ചിന്റെ ഉത്തരവിനെ തുടർന്ന് താങ്കൾ ഉൾപ്പെടെ കൊളീജിയത്തിലെ അഞ്ച് ജഡ്ജിമാർ, ജഡ്ജിമാരുടെ നിയമനത്തിനുള്ള മെമ്മോറാണ്ടം ഒഫ് പ്രൊസീജ്യർ (എം.ഒ.പി) തയ്യാറാക്കിയിരുന്നു. 2017 മാർച്ചിൽ അന്നത്തെ ചീഫ് ജസ്റ്റിസ് ടി. എസ്. താക്കൂർ എം.ഒ.പി കേന്ദ്രസർക്കാരിന്റെ പിരിഗണനയ്ക്ക് വിട്ടിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല. സർക്കാരിന്റെ മൗനത്തെ ഭരണഘടനാ ബെഞ്ചിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊളീജിയം തയ്യാറാക്കിയ എം.ഒ.പി സർക്കാർ അംഗീകരിച്ചതായാണ് കാണേണ്ടത്.

എന്നാൽ, 2017 ഒക്ടോബർ 27ന് ജഡ്ജിമാരുടെ നിയമനവുമായി ബന്ധപ്പെട്ട ആർ.പി. ലൂത്രയും യൂണിയൻ ഒഫ് ഇന്ത്യയും തമ്മിലുള്ള കേസ് പരിഗണിക്കാൻ ചീഫ് ജസ്റ്റിസ് നിയോഗിച്ചത് രണ്ടംഗ ബെഞ്ചിനെയാണ് (സീനിയോറിറ്റിയിൽ 11-ാം സ്ഥാനത്തുള്ള എ.കെ.ഗോയൽ അദ്ധ്യക്ഷനായ ബെഞ്ചിനാണ് കേസ് നൽകിയത്.) കേസ് പരിഗണിച്ച ബെഞ്ച് എം.ഒ.പി അംഗീകരിക്കുന്നത് വൈകിക്കാൻ പാടില്ലെന്ന അനാവശ്യമായ നിരീക്ഷണം നടത്തുകയും ആ നിരീക്ഷണത്തോടെ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഭരണഘടനാ ബെഞ്ച് പരിഗണിച്ചതും കൊളീജിയം അന്തിമരൂപം നൽകിയതുമായ എം.ഒ.പിയുടെ കാര്യം രണ്ടംഗ ബെഞ്ചിന് വിട്ടത് എന്തുകൊണ്ടാണെന്ന് മനസിലാകുന്നില്ല.

2017 ജൂലായ് നാലിന് ജസ്റ്റിസ് സി.എസ്. കർണൻ കേസിൽ ഏഴംഗബെഞ്ചിൽ അംഗങ്ങളായിരുന്ന ഞങ്ങൾ രണ്ട് പേർ ജഡ്ജിമാരുടെ നിയമന പ്രക്രിയയിൽ മാറ്റം വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇംപീച്ച്മെന്റിന് പകരം തിരുത്തൽ നടപടികൾ വേണമെന്നായിരുന്നു ആവശ്യം. അതേസമയം തന്നെ എം.ഒ.പി വിഷയത്തെ കുറിച്ച് ഏഴ് ജഡ്ജിമാരും ഒന്നും പരാമർശിച്ചതുമില്ല. എം.ഒ.പിയുടെ കാര്യം ചീഫ് ജസ്റ്റിസിന്റെ അദ്ധ്യക്ഷതയിലുള്ള സമ്മേളനത്തിലോ കൊളീജിയത്തിലോ ഫുൾ കോർട്ടിലോ മാത്രമേ ചർച്ച ചെയ്യാൻ പാടുള്ളൂ. നിയമപരമായി ഭരണഘടനാ ബെഞ്ചിന് മാത്രമാണ് ഈ വിഷയം പരിഗണിക്കാൻ കഴിയൂ. വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് കൊളീജിയത്തിലെ മുഴുവൻ അംഗങ്ങളുമായി ചർച്ച ചെയ്ത് ചീഫ് ജസ്റ്റിസ് അടിയന്തര തിരുത്തൽ നടപടികൾ സ്വീകരിക്കണം. ആവശ്യമെങ്കിൽ ഈ കോടതിയിലെ എല്ലാ ജഡ്ജിമാരുമായും വിഷയം ചർച്ച ചെയ്യണം. 2017 ഒക്ടോബർ 27ന് ആർ.പി.ലൂത്രയും യൂണിയൻ ഒഫ് ഇന്ത്യയും തമ്മിലുള്ള കേസിലെ ഉത്തരവിലുണ്ടായ പാകപ്പിഴ തിരുത്തുന്ന മുറയ്ക്ക് മറ്റ് ഉത്തരവുകളുടെ വിശദാംശങ്ങളും ഞങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ആയിരിക്കും.

സ്നേഹാദരവോടെ,
ജെ.ചെലമേശ്വർ,
രഞ്ജൻ ഗോഗോയി,
മദൻ ബി.ലോക്കൂർ,
കുര്യൻ ജോസഫ്
.

(പരിഭാഷ:വി.എസ്.സനകൻ)

സുപ്രീംകോടതിയെ വട്ടംചുറ്റി ലോയയുടെ പ്രേതം

▸വി.എസ്. സനകൻ

ഇന്ത്യൻ നീതിപീഠത്തിന്റെ അടിത്തറ ആടിയുലയുന്നതിന് കാരണമായ വിഷയങ്ങളിൽ ഒന്നായി രാജ്യം ഭരിക്കുന്ന പാർട്ടിയുടെ അദ്ധ്യക്ഷനെതിരായ കേസിന്റെ വിചാരണ കൈകാര്യം ചെയ്ത ജഡ്ജിയുടെ മരണവും ഉയർന്നുവന്നു. ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ അമിത്ഷാ പ്രതിയായ സൊഹ്റാബുദ്ദീൻ ഷെയ്ഖ് വ്യാജ ഏറ്റുമുട്ടൽ കേസ് കൈകാര്യം ചെയ്തിരുന്ന മുംബൈ സിബിഐ പ്രത്യേക കോടതി ജഡ്ജി ബ്രിജ്ഗോപാൽ ഹർകിഷൻ ലോയയുടെ ദുരൂഹമരണം അന്വേഷിക്കാൻ ആവശ്യപ്പെട്ടുള്ള ഹർജി ഇന്നലെ സുപ്രീംകോടതിയുടെ പരിഗണനയിൽ വന്നിരുന്നു. ഈ കേസ് വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുകളുള്ള ജസ്റ്റിസ് അരുൺ മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിന് നൽകിയതും മുതിർന്ന ജഡ്ജിമാരെ ചൊടിപ്പിച്ചു. പ്രമാദമായ പല കേസുകളും മുതിർന്ന ജഡ്ജിമാരുടെ ബെഞ്ചുകളിലേക്ക് വരുന്നില്ലെന്നും പല നടപടികളും ചീഫ് ജസ്റ്റിസ് ഏകപക്ഷീയമായി തീരുമാനിക്കുകയാണെന്നുമാണ് നാല് മുതിർന്ന ജഡ്ജിമാരുടെ ആരോപണം. ജഡ്ജിമാരുടെ ആരോപണം ചീഫ് ജസ്റ്റിസിലൂടെ കേന്ദ്ര സർക്കാരിന് നേർക്കാണ് വിരൽ ചൂണ്ടുന്നത്.

ലോയയുടെ ദുരൂഹമരണത്തെ തുടർന്ന് മൂന്ന് വർഷമായി വീർപ്പുമുട്ടി കഴിയുകയായിരുന്ന കുടുംബം ചില ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകളുമായി രംഗത്തെത്തിയത് അടുത്തകാലത്താണ്. സഹപ്രവർത്തകന്റെ മകളുടെ വിവാഹത്തിൽ പങ്കെടുക്കാൻ പോയ ലോയ 2014 ഡിസംബർ ഒന്നിന് നാഗ്പൂരിൽ വച്ചാണ് ദുരൂഹമായി മരിച്ചത്. ഹൃദ്രോഗത്തെ തുടർന്നാണ് ലോയ മരിച്ചതെന്ന് അന്നു രാവിലെ, ആർ.എസ്.എസ് പ്രവർത്തകനായ ഈശ്വർ ബഹേതിയാണ് ലോയയുടെ അച്ഛന് ഹർകിഷനെ അറിയിച്ചത്. വിവാഹത്തിന് പോകാൻ താത്പര്യമില്ലാതിരുന്നിട്ടും, സഹപ്രവർത്തകരായ രണ്ട് ജഡ്ജിമാർ നിർബന്ധിച്ചാണ് ലോയയെ നാഗ്പൂരിലേക്ക് കൊണ്ടുപോയത്. ലോയയുടെ മരണവിവരം കുടുംബത്തെ അറിയിക്കാൻ ഈ ജഡ്ജിമാർ തയ്യാറായില്ലെന്ന് മാത്രമല്ല, മൃതദേഹത്തെ അനുഗമിക്കാനും കൂട്ടാക്കിയില്ല. തികഞ്ഞ ആരോഗ്യവാനായിരുന്ന ലോയ ഹൃദ്രോഗം ബാധിച്ച് മരിച്ചുവെന്ന വിശദീകരണം വിശ്വസിക്കാൻ ലോയയുടെ സഹോദരിയും മെഡിക്കൽ ഡോക്ടറുമായ അനുരാധ ബിയാനിയും തയ്യാറല്ല.



ജഡ്ജി ബ്രിജ്ഗോപാൽ ഹർകിഷൻ ലോയ

അമിത്ഷായ്ക്ക് അനുകൂലമായ വിധി പുറപ്പെടുവിക്കാൻ അന്നത്തെ ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റീസ് മൊഹിത് ഷാ തന്റെ സഹോദരന് 100 കോടി രൂപ വാഗ്ദാനം ചെയ്തിരുന്നുവെന്ന വെളിപ്പെടുത്തലും അനുരാധ ബിയാനി ‘കാരവൻ ‘ മാസികയോട് നടത്തി. ചെറിയ ജലദോഷം ഉണ്ടായാൽ പോലും തന്നെ കാണുമായിരുന്ന ലോയയ്ക്ക് ഹൃദ്രോഗിയുടെ ലക്ഷണമൊന്നും ഉണ്ടായിരുന്നില്ലെന്നും അവർ പറഞ്ഞു.

ലോയ നാഗ്പൂരിൽ താമസിച്ച വി.ഐ.പി ഗസ്റ്റ് ഹൗസിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെയുള്ള സ്വകാര്യ ആശുപത്രിയിലേക്ക് ഓട്ടോറിക്ഷയിലാണ് അദ്ദേഹത്തെ കൊണ്ടുപോയത്. സിവിൽ സർവീസ് ഉദ്യോഗസ്ഥരും ജഡ്ജിമാരും മറ്റും പതിവായി എത്തുന്ന ഇവിടെ കാർ ലഭ്യമായില്ലെന്നത് സംശയകരമാണ്. ഇ.സി.ജി എടുക്കാൻ പോലും സൗകര്യമില്ലാത്ത ആശുപത്രിയിലാണ് ലോയയെ പ്രവേശിപ്പിച്ചത്. ലോയ ധരിച്ചിരുന്ന ഷർട്ടിൽ രക്തക്കറകൾ ഉണ്ടായിരുന്നു. മർദ്ദനമേറ്റപോലുള്ള പാടുകളും ശരീരത്തിലുണ്ടായിരുന്നു. ബെൽറ്റും കണ്ണടയും തകർന്നിരുന്നു. ലോയയെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിനു മുമ്പോ മരിച്ചതിനുശേഷമോ കുടുംബാംഗങ്ങളെ വിവരമറിയിച്ചില്ല. പോസ്റ്റ്മോർട്ടം നടത്തുന്നതിനു മുമ്പ് കുടുംബാംഗങ്ങളെ അറിയിച്ചില്ല. പോസ്റ്റ്മോർട്ടം റിപ്പോർട്ട് പ്രകാരം, മൃതദേഹം ഏറ്റുവാങ്ങിയ വ്യക്തി ഒപ്പിട്ടിരിക്കുന്നത് ബന്ധുവെന്ന പേരിലാണ്. അങ്ങനെയൊരു ബന്ധു ലോയയ്ക്കില്ലെന്നും കുടുംബം വെളിപ്പെടുത്തി.

വിവാഹത്തിനു പോയപ്പോൾ ഒപ്പമുണ്ടായിരുന്ന ജഡ്ജിമാർ മരണത്തിനുശേഷം ലോയയുടെ കുടുംബത്തെ കണ്ടത് ഒന്നര മാസത്തിന് ശേഷമാണ്. ലോയയുടെ മൊബൈൽ ഫോൺ നാല് ദിവസത്തിനുശേഷം ആർ.എസ്.എസ് പ്രവർത്തകനായ ബഹേതിയാണ് കുടുംബത്തിന് കൈമാറിയത്. ഫോൺ വിളി വിശദാംശങ്ങളും എസ്.എം.എസുകളും ഡിലീറ്റ് ചെയ്യപ്പെട്ടിരുന്നു. ലോയയുടെ മൃതദേഹം വീണ്ടും പോസ്റ്റ്മോർട്ടം നടത്തണമെന്ന് സഹോദരി ആവശ്യപ്പെട്ടെങ്കിലും ഉണ്ടായില്ല. അവരെ പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നു.

അമിത്ഷായ്ക്ക് അനുകൂലമായ വിധി പുറപ്പെടുവിക്കാൻ അന്നത്തെ ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റീസ് മൊഹിത് ഷാ തന്റെ സഹോദരന് 100 കോടി രൂപ വാഗ്ദാനം ചെയ്തിരുന്നുവെന്ന് ജഡ്ജി ലോയയുടെ സഹോദരി ഡോ.അനുരാധ ബിയാനി വെളിപ്പെടുത്തിയിരുന്നു.

ഡിസംബർ ഒന്നിന് പുലർച്ചെ നാലിനുണ്ടായ നെഞ്ചുവേദനയെ തുടർന്ന് 6.15ന് ലോയയുടെ മരണം സംഭവിച്ചുവെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. എന്നാൽ, റിപ്പോർട്ടിൽ ആദ്യം 30 എന്ന് എഴുതി പിന്നീട് 01 എന്നാക്കി തിരുത്തിയത് വ്യക്തമാണ്. അതായത് ലോയ നവംബർ 30ന് മരിച്ചുവെന്നാണ് കുടുംബം ആരോപിക്കുന്നത്.

ഗുജറാത്തിൽ അമിത് ഷാ ആഭ്യന്തര മന്ത്രിയായിരിക്കെ 2005 നവംബറിലാണ് സൊഹ്റാബുദ്ദീൻ പൊലീസ് വെടിവയ്പിൽ കൊല്ലപ്പെട്ടത്. ഇതിന്റെ അന്വേഷണം ഏറ്റെടുത്ത സി.ബി.ഐ കേസ് ഗുജറാത്തിൽ നിന്ന് മഹാരാഷ്ട്രയിലേക്ക് മാറ്റി. അമിത് ഷാ അടക്കമുള്ളവർ അറസ്റ്റിലായി. ആദ്യം കേസ് പരിഗണിച്ച ജഡ്ജി ജെ.ടി. ഉത്പൽ കേസിൽ തുടക്കം മുതൽ അമിത് ഷാ ഒരിക്കൽ പോലും ഹാജരാകാത്തതിൽ അതൃപ്തി അറിയിച്ചിരുന്നു. ഒടുവിൽ അദ്ദേഹം അമിത് ഷാ ഹാജരാകണമെന്ന് അന്ത്യശാസനം നൽകി. ഇതിന് പിന്നാലെ 2014 ജൂണിൽ ഉത്പലിനെ മാറ്റി ജഡ്ജിയായി ലോയയെ നിയമിച്ചു. അപ്പോഴേക്കും കേന്ദ്രത്തിൽ നരേന്ദ്രമോദി അധികാരത്തിലെത്തിയിരുന്നു. നേരിട്ട് ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന അമിത് ഷായുടെ നിലപാടിനോട് ലോയ അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. എന്നാൽ, കേസിന്റെ ഉള്ളിലേക്ക് പോകാൻ തുടങ്ങിയതോടെ ലോയ നിലപാട് മാറ്റി, ഒക്ടോബർ 31ന് കേസ് പരിഗണിച്ചപ്പോൾ അമിത് ഷാ ഹാജരാകാത്തതിൽ ലോയ അതൃപ്തി രേഖപ്പെടുത്തി. ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള കാര്യം അഭിഭാഷകൻ ഓർമ്മപ്പെടുത്തിയപ്പോൾ അത് മഹാരാഷ്ട്രയിൽ ഇല്ലാത്തപ്പോൾ മാത്രമാണെന്നും ഒക്ടോബർ 31ന് മുംബയിൽ നടന്ന ബി.ജെ.പി സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ അമിത് ഷാ പങ്കെടുത്തിട്ടുള്ളത് തനിക്ക് അറിയാമെന്നും ലോയ വ്യക്തമാക്കി. അടുത്ത തവണ ഹാജരാകണമെന്നും ഉത്തരവിട്ടു. ഇതിനിടെയാണ് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ വാഗ്ദാനം ഉണ്ടായതെന്നാണ് കുടുംബം ആരോപിക്കുന്നത്. വാഗ്ദാനങ്ങൾ നിരസിച്ച ലോയ നിലപാട് കടുപ്പിച്ചു. അതിനിടെയായിരുന്നു അദ്ദേഹത്തിന്റെ ദുരൂഹമരണം.

തുടർന്ന് ചുമതലയേറ്റ ജഡ്ജിയായ എം.ബി.ഗോസാവി മൂന്ന് ദിവസം കൊണ്ട് ഷായുടെ അഭിഭാഷകന്റെ വാദം കേട്ടു. സി.ബി.ഐയുടെ വാദം 15 മിനിട്ട് കൊണ്ട് തീർന്നു. കേസ് വിധി പറയാൻ മാറ്റി. ഡിസംബർ 30ന് ഷായെ കുറ്റവിമുക്തനാക്കി ഉത്തരവുമിട്ടു.

മെൽവിൻ ജോൺസിനെ ഓർമ്മിക്കുമ്പോൾ....

ഇന്ന് മെൽവിൻ ജോൺസ് ദിനം

▸സി.കെ.ജയചന്ദ്രൻ

ദാരിദ്ര്യത്തിന്റെയും നിരക്ഷരതയുടെയും അടിത്തട്ടിൽ ആണ്ടുകിടക്കുന്ന കോടിക്കണക്കിന് മനുഷ്യരുടെ പ്രത്യാശയായ ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ എന്ന ലോകത്തിലെ ഏറ്റവും വലിയ സന്നദ്ധസേവന സംഘടനയുടെ സ്ഥാപകനായ മെൽവിൻ ജോൺസിന്റെ ജന്മദിനമാണ് ഇന്ന്. ബിസിനസ് ക്ലബുകൾ സാമ്പത്തിക നേട്ടത്തെക്കുറിച്ചു മാത്രം ചിന്തിക്കാതെ സഹജീവികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും പ്രവർത്തിക്കണം എന്ന മെൽവിൻ ജോൺസിന്റെ ആശയമാണ് ലയൺസ് ക്ലബ്സ് ഇന്റർനാഷണലിന്റെ 1917ലെ രൂപീകരണത്തിനിടയാക്കിയത്.

1956ൽ ബോംബെയിൽ ലയൺസ് ക്ലബ് ആരംഭിച്ചാണ് ഇന്ത്യയിൽ ഈ പ്രസ്ഥാനം എത്തിയത്. 1959ൽ കോഴിക്കോട് ആരംഭിച്ചതോടെ കേരളത്തിൽ ലയൺസ് ക്ലബ് ആരംഭം കുറിച്ചു.

മെൽവിൻ ജോൺസ്

ലോകസമാധാനത്തിനുവേണ്ടി ലയൺസ് ക്ലബ് ഇന്റർനാഷണൽ യു.എന്നുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

1925ൽ ഹെലൻ കെല്ലർ അന്ധതാ നിവാരണത്തിന് ഈ പ്രസ്ഥാനത്തിന്റെ സഹായം അഭ്യർത്ഥിച്ചതു മുതൽ അന്ധതാ നിവാരണപ്രവർത്തനങ്ങൾക്ക് ലയൺസ് ക്ലബ് ഇന്റർനാഷണൽ പ്രത്യേക പരിഗണന നൽകുന്നു. ‘സൈറ്റ് ഫസ്റ്റ്’ എന്ന പ്രത്യേക പരിപാടിയിലൂടെ മൂന്ന് കോടി ജനങ്ങളുടെ കാഴ്ച വീണ്ടെടുക്കാൻ കഴിഞ്ഞു.

ഈ വർഷം ഇന്റർനാഷണൽ പ്രസിഡന്റായി ചുമതലയേറ്റ ഡോ. നരേഷ് അഗർവാളിന് അടുത്ത നൂറ്റാണ്ടിന്റെ ലയൺ ക്ലബ് ഇന്റർനാഷണലിന്റെ കർമ്മ പദ്ധതികൾ തുടക്കം കുറിക്കുവാനുള്ള അസുലഭ അവസരമാണ് ലഭിച്ചിരിക്കുന്നത്.

ഓരോ ലയൺ അംഗവും മാസംതോറും 10 പേർക്ക് സേവനം നൽകിയാൽ ഈ വർഷം 17 കോടി ജനങ്ങളിൽ സേവനം എത്തിക്കാൻ കഴിയും എന്നതാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. ഇതു സാദ്ധ്യമായാൽ 2021 ൽ 20 കോടി ജനങ്ങളിൽ സേവനം എത്തിക്കണം എന്ന ലയൺസ് ക്ലബ്സ് ഇന്റർനാഷണലിന്റെ ലക്ഷ്യം കൈവരിക്കാനാവും.

ബിസിനസ് ക്ലബുകൾ സാമ്പത്തിക നേട്ടത്തെക്കുറിച്ചു മാത്രം ചിന്തിക്കാതെ സഹജീവികളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും പ്രവർത്തിക്കണം എന്നതാണ് മെൽവിൻ ജോൺസ് പ്രചരിപ്പിച്ച ആശയം